നം. സി.ഇ.ഇ/1717/2010/കെഇഎം-2011/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## കേരള എംബിബിഎസ്/ബിഡിഎസ് കോഴ്സ് പ്രവേശനം 2011 : അഞ്ചാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2011 ലെ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അഞ്ചാം ഘട്ട അലോട്ടുമെന്റ് **23.09.2011** ന് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഇതിന്റെ പ്രിന്റൗട്ട് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

അഞ്ചാം ഘട്ട അലോട്ടുമെന്റ് പ്രകാരം കോളേജ്/കോഴ്സ് മാറ്റം ലഭിക്കുന്നവർ/പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ, ഫീസ്/അധിക ഫീസ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിൽ **24.09.2011, ശനിയാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുമ്പ്** ഒടുക്കിയതിനുശേഷം **24.09.2011, 25.09.2011** എന്നീ തീയതികളിൽ അതാതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. SBT ശാഖ കളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**വിദ്യാർത്ഥികളുടെ പ്രവേശനത്തിനുവേണ്ടി കേരളത്തിലെ സർക്കാർ/സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ ഓഫീസ് 25.09.2011 (ഞായറാഴ്ച) തുറന്നു പ്രവർത്തിക്കേണ്ടതാണ്.**

**25.09.2011** ന് സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ MBBS/BDS കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നു.

മെഡിക്കൽ/ഡന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഇവിടെ ചേർന്ന് പഠിക്കാൻ ബാധ്യസ്ഥരായിരിക്കും. ഈ കോളേജുകളിൽ ലഭിക്കുന്ന അലോട്ട്മെന്റ്/അഡ്മിഷൻ യാതൊരു കാരണവശാലും ക്യാൻസൽ ചെയ്യാൻ അനുവദിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടാതെ MBBS/BDS കോഴ്സുകളുടെ സർക്കാർ സീറ്റുകൾ ലാപ്സാക്കുന്ന വിദ്യാർത്ഥികൾ 2011 ലെ പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടിവരുന്നതായിരിക്കും. ഇവരുടെ കാൻഡിഡേച്ചർ ക്യാൻസൽ ചെയ്യുന്നതും മെഡിക്കൽ/ഡന്റൽ കൗൺസിൽ വഴി 2011 വർഷത്തിൽ മറ്റ് കോളേജുകളിൽ MBBS/BDS കോഴ്സിന് പഠിക്കാൻ ഇവരെ അയോഗ്യരാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായിരിക്കും. ഈ വിദ്യാർത്ഥികളെ അടുത്ത രണ്ടു വർഷത്തേക്ക് എൻട്രൻസ് പരീക്ഷ എഴുതുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതുമായിരിക്കും.

**26.09.2011 ന് വൈകുന്നേരം 5 മണിക്കു മുമ്പ്** മെഡിക്കൽ/ഡന്റൽ കോളേജ് അധികാരികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **0471 - 2339101, 2339102, 2339103, 2339104** (രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ).

Sd/-

തിരുവനന്തപുരം

23.09.2011

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**